വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്):

(എ, ബി) കേന്ദ്ര ഗവൺമെൻറിൻെറ തൊഴിൽരഹിതരായ അഭ്യസ്തവിദ്യർക്കുവേണ്ടിയുള്ള സ്വയം തൊഴിൽ പദ്ധതി വ്യവസായ വകുപ്പ് നടപ്പാക്കുന്നുണ്ട്. മറ്റുചില പദ്ധതികളെപ്പറ്റിയും പരിശോധിച്ചു വരുന്നു. വിശദാംശങ്ങൾ തയ്യാറാക്കിവരുന്നേ ഉള്ളൂ.

പരമ്പരാഗത വ്യവസായങ്ങളെ തകർച്ചയിൽനിന്നും രക്ഷിക്കുന്നതിനുള്ള നടപടികൾ

* 294 [435] ശ്രീ. ടി. കെ. ആറുമുഖൻ:
,, വി. കേശവൻ:
,, കോടിയേരി ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായങ്ങളെ തകർച്ചയിൽനിന്നും രക്ഷിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിനുവേണ്ടി എന്തു തുക ഇപ്രാവശ്യത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്?

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്):

(എ) ഉണ്ട്.

(ബി, സി) വിവരങ്ങളടങ്ങിയ ഒരു കുറിപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്†. കയർ വ്യവസായത്തിനുവേണ്ടി 317 ലക്ഷം രൂപയും കശുവണ്ടി വ്യവസായത്തിനുവേണ്ടി 1 ലക്ഷം രൂപയും കൈത്തറി മേഖലയ്ക്ക് മൊത്തം 689.35 ലക്ഷം രൂപയും (പദ്ധതി ഇനത്തിൽ 264.35 ലക്ഷം രൂപയും പദ്ധതി ഇതര പരിപാടികൾക്ക് 425 ലക്ഷം രൂപയും ഉൾപ്പെടെ) ഇക്കൊല്ലത്തെ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്.

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഡിസൈൻ കം ഹാൻഡ്ലൂം ടെക്നോളജി

* 295 [436] ശ്രീ. സി. വാസുദേവമേനോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി വികസനത്തിനുവേണ്ടി ''ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഡിസൈൻ കം ഹാൻഡ്ലൂം ടെക്നോളജി'' സ്ഥാപിക്കുമെന്ന് ഗവൺമെൻറ് പ്രഖ്യാപിച്ചിരുന്നുവോ;

(ബി) എങ്കിൽ അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ എത്രത്തോളമായി;

(സി) ഇതിൻെറ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ (435) കാണുക.]

കുറിപ്പ്

വിഷയം:—പരമ്പരാഗത വ്യവസായങ്ങളെ തകർച്ചയിൽ നിന്നും രക്ഷിക്കുന്നതു സംബന്ധിച്ച്.

കയർ വ്യവസായത്തിൽ ഇന്നുള്ള പ്രതിസന്ധിക്ക് പ്രധാന കാരണം കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും സ്റ്റോക്ക് വിറ്റഴിയാതെ കെട്ടിക്കിടക്കുന്നതും പച്ചത്തൊണ്ട് ന്യായമായ വിലയ്ക്ക് ആവശ്യാനുസരണം കിട്ടുവാനുമുള്ള ബുദ്ധിമുട്ടുമാണ്. പ്രാഥമിക കയർ സംഘങ്ങളുടെ ഉൽപ്പാദനം മുഴുവൻ ഏറ്റെടുക്കുന്നതിന്, ഇപ്പോഴത്തെ കയർ കമ്പോളത്തിൽ വന്ന മാന്ദ്യത നിമിത്തം കയർഫെഡിന് സാമ്പത്തികമായി ബുദ്ധിമുട്ടുണ്ട്. ഇപ്പോഴത്തെ പ്രതിസന്ധി തരണം ചെയ്യുന്നതിനും പ്രാഥമിക സംഘങ്ങളിൽ നിലവിലുള്ള സ്റ്റോക്ക് വാങ്ങുന്നതിനുമായി 50 ലക്ഷം രൂപ (25 ലക്ഷം രൂപ ലോണും 25 ലക്ഷം രൂപ ഓഹരി മൂലധനവുമായി) കയർ ഫെഡറേഷന് നൽകിയിട്ടുണ്ട്. കൂടാതെ സ്റ്റേറ്റ് കോ—ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും 150 ലക്ഷം രൂപ കൂടി കാഷ് ക്രെഡിറ്റ് ലഭ്യമാക്കുന്നതിന് ഗവൺമെന്റ് ഗ്യാരന്റി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. പ്രാഥമിക കയർ സംഘങ്ങളുടെ പ്രവർത്തനത്തിനു സാമ്പത്തിക സഹായമായി വിവിധ സ്കീമുകളിലായി ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള തുകകൾ ലഭ്യമാക്കുന്നുണ്ട്. വേണ്ടത്ര തൊണ്ട് ലഭ്യമാക്കുന്നതിന് തൊണ്ട് സംഭരണം കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. ലെവി സമ്പ്രദായം നടപ്പിലാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നു.

കശുവണ്ടി വ്യവസായത്തെ തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിനായി തോട്ടണ്ടിയുടെ ഇറക്കുമതി ഉദാരമാക്കിയിട്ടുണ്ട്. തോട്ടണ്ടിയുടെ അനധികൃത വിൽപനയും കള്ളക്കടത്തും തടയുന്നതിനുവേണ്ടി സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിന്റെയും മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിന്റെയും നിലവിലുള്ള ചെക്ക്പോസ്റ്റുകൾക്കു പുറമേ കോ—ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ 12 ചെക്ക്പോസ്റ്റുകളും ഓരോ തഹസീൽദാരുടെ മേൽനോട്ടത്തിൽ 25 മൊബൈൽ സ്ക്വാഡുകളും സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ 14 ചെക്ക്പോസ്റ്റുകളും കശുവണ്ടി സീസൺ കാലത്ത് ഏർപ്പെടുത്തി. ജില്ലാ തലത്തിലെ വിജിലൻസ് ഓപ്പറേഷന്റെ ചുമതല ജില്ലാ കളക്ടർക്ക് നൽകുകയും ജില്ലാ കളക്ടർ ചെയർമാനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ ഉൾക്കൊള്ളുന്ന ഡിസ്ട്രിക്ട് കോ—ഓർഡിനേഷൻ കമ്മിറ്റി ഉണ്ടാക്കുകയും ചെയ്തു. പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികൾ സർക്കാർ ഏറ്റെടുത്ത് തൊഴിലാളികളുടെ സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കുക എന്ന സർക്കാർ നയത്തിന് അനുസരിച്ച് 19—3—1984—ൽ കാപ്പെക്സ് രൂപീകരിച്ചു. ഇതിനകം 10 ഫാക്ടറികൾ ഏറ്റെടുത്തു. കശുവണ്ടിയുടെ വിലയിടിവുമൂലമുണ്ടാകുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിന് ഒരു കാഷ്യൂ ഇൻസെന്റീവ് സപ്പോർട്ട് ഫണ്ട് രൂപീകരിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. ടി ഫണ്ടിന്റെ കരടുപദ്ധതി ഇൻഡ്യാ ഗവൺമെന്റിന്റെ അംഗീകാരത്തിനായി അയച്ചുകൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കൈത്തറി വ്യവസായത്തെ തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിനായി കൈത്തറി നെയ്ത്തുകാരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് സഹകരണമേഖലയിൽ കൂടി അവരെ സഹായിക്കുക എന്ന നയമാണ് സർക്കാർ പ്രധാനമായും അവലംബിച്ചുവരുന്നത്. പ്രധാനപ്പെട്ട പദ്ധതികളും താഴെ പറയുന്നവയാണ്:

1. നിലവിലുള്ള കൈത്തറികളും ആധുനീകരിക്കുന്നതിനു സഹായമായ പദ്ധതി
2. സ്വന്തമായി തറി ഇല്ലാത്ത നെയ്ത്തുകാർക്ക് തറി വാങ്ങി വിതരണം നടത്തുന്നതിനുള്ള ധനസഹായപദ്ധതി.
3. കൈത്തറി സഹകരണസംഘങ്ങളുടെ ഓഹരി മൂലധനം ശക്തിപ്പെടുത്തുന്നതിനു നൽകുന്ന ധനസഹായ പദ്ധതി.
4. വ്യാവസായിക ഫാക്ടറി നെയ്ത്തു സഹകരണസംഘങ്ങളുടെ വികസനത്തിനും പുതിയവ രൂപീകരിക്കുന്നതിനും നൽകുന്ന ധനസഹായ പദ്ധതി.
5. കൈത്തറി സഹകരണസംഘങ്ങൾക്ക് നൽകുന്ന മാനേജീരിയൽ ഗ്രാന്റ് പദ്ധതി.
6. കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനം ത്വരിതപ്പെടുത്തുന്നതിന് കൈത്തറി സഹകരണസംഘത്തിനും കേന്ദ്ര കൈത്തറി സംഘത്തിനും കൈത്തറി കോർപ്പറേഷനും നൽകുന്ന 101 ദിവസത്തെ 20 ശതമാനം റിബേറ്റ്.
7. കൈത്തറി സംഘങ്ങൾക്ക് ജൗളി സംഭരിക്കുന്നതിനും വിപണന സൗകര്യത്തിനുമായി ട്രക്കുകളും മൊബൈൽ വാനുകളും വാങ്ങുന്നതിനുള്ള ധനസഹായ പദ്ധതി.
8. കേന്ദ്ര കൈത്തറി സംഘത്തിനും കൈത്തറി കോർപ്പറേഷനും ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ആവശ്യമായ വിപണന ശാലകളും ഷോറൂമുകളും ഉണ്ടാക്കുന്നതിന് നൽകുന്ന ധനസഹായ പദ്ധതി.
9. പ്രാഥമിക കൈത്തറി നെയ്ത്തുസഹകരണസംഘങ്ങൾക്കും അപ്പെക്സിനും കോർപ്പറേഷനും പ്രീലൂം പോസ്റ്റ്ലൂം സംസ്കരണത്തിന് ആവശ്യമായ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനുള്ള ധനസഹായ പദ്ധതി.
10. കൈത്തറി നെയ്ത്തുകാർക്ക് സ്വന്തമായി തറി ഇട്ടു പ്രവർത്തിപ്പിക്കുന്നതിന് ഗൃഹമോ വർക്ക് ഷെഡ്ഡോ നിർമ്മിക്കുന്നതിനുള്ള ധനസഹായപദ്ധതി.
11. എൻ. സി. ഡി. സി. യുടെ സഹായത്തോടെ വർക്ക്ഷെഡ്ഡ് നിർമ്മിക്കുന്നതിനും തറി വാങ്ങുന്നതിനുമുള്ള ധനസഹായം.
12. ജനതാ തുണിത്തരങ്ങളുടെ ഉൽപ്പാദനപദ്ധതി (ജനതാ തുണിത്തരങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിച്ച് തൊഴിൽരഹിതരായ കൈത്തറി നെയ്ത്തുകാർക്കും under employed കൈത്തറി നെയ്ത്തുകാർക്കും കൂടുതൽ സൗകര്യങ്ങളും വർദ്ധിപ്പിക്കുക) ഇതിനുവേണ്ടി ഒരു ചതുരശ്ര മീറ്റർ തുണിക്ക് 2 രൂപ തോതിൽ സബ്സിഡി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

13. മേൽപ്പറഞ്ഞ പദ്ധതികളിലുള്ള പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള പ്രത്യേക പദ്ധതി.

മേൽപ്പറഞ്ഞ പരിപാടികൾക്കു പുറമേ ഈവർഷം പുതുതായി താഴെ പറയുന്ന പരിപാടികൂടി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. കൈത്തറി നെയ്ത്തുകാർക്ക് ഗൃഹവും വർക്ക് ഷെഡ്ഡും നിർമ്മിക്കുന്നതിന് കേന്ദ്രാവിഷ്കൃത പരിപാടി അനുസരിച്ച് പട്ടണങ്ങളിൽ 15,000 രൂപ മൊത്തം ചെലവും (5,000 രൂപ ഗ്രാന്റോടുകൂടി) ഗ്രാമപ്രദേശങ്ങളിൽ 9,000 രൂപ മൊത്ത ചെലവും (6,000 രൂപ ഗ്രാന്റ്) വരുന്ന ഗൃഹനിർമ്മാണപദ്ധതി ഹഡ്കോ പോലുള്ള ധനകാര്യസ്ഥാപനങ്ങളുടേയും സംസ്ഥാന-കേന്ദ്രസർക്കാരുകളുടേയും ഏകോപിച്ചുള്ള സഹകരണത്തോടെ നടപ്പിലാക്കുന്നുണ്ട്. വർക്കു ഷെഡ്ഡ് നിർമ്മിക്കുന്നതിന് 3,000 രൂപ സബ്സിഡി ആയി ലഭിക്കുന്ന ഒരു പദ്ധതിയും നടപ്പിലാക്കിവരുന്നു.

2. സംസ്ഥാന സർക്കാരിന്റേയും കേന്ദ്ര സർക്കാരിന്റേയും മുഖ്യ സഹായത്തോടെ കൈത്തറി സഹകരണ സംഘങ്ങളിലെ നെയ്ത്തുകാർക്ക് ഒരു കോൺട്രിബ്യൂട്ടറി ത്രിഫ്റ്റ് ഫണ്ട് പദ്ധതി നടപ്പിലാക്കുന്നതാണ്.

3. കൈത്തറി ഉൽപ്പന്നങ്ങൾ എളുപ്പം വിറ്റഴിക്കുന്നതിന് കേന്ദ്ര സർക്കാർ റിബേറ്റു കിഴിവ് അനുവദിച്ചുകൊണ്ടുള്ള കാലാവധി വർഷംതോറും കുറവുവെയ്തുവരുന്നുവെങ്കിലും സംസ്ഥാനസർക്കാർ മുൻനിശ്ചയപ്രകാരം ഏർപ്പെടുത്തിയിരുന്ന 101 ദിവസം ഈ വർഷവും നിലനിർത്തിയിട്ടുണ്ട്.

4. കൈത്തറി രംഗത്ത് സമൂലവികസനം ലാക്കാക്കിക്കൊണ്ട് ഒരു കൈത്തറി പരിശീലന കേന്ദ്രം കണ്ണൂരിൽ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതെത്രയും വേഗം സ്ഥാപിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ ഒരു സ്പെഷ്യൽ ഓഫീസറേയും നിയോഗിച്ചിട്ടുണ്ട്.

5. പോളിസ്റ്റർ/പോളിസ്റ്റർ ബ്ലൻറഡ് തുണിത്തരങ്ങൾ കൈത്തറി മേഖലയിൽ നെയ്യുന്നത് പ്രോൽസാഹിപ്പിക്കുവാൻ സംസ്ഥാനത്ത് 5 കൈത്തറി പ്രാഥമിക സഹകരണസംഘങ്ങളിൽ ഇതിനുവേണ്ട പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനുവേണ്ടി പെട്രോഫിൽസ് കോ-ഓപ്പറേറ്റീവ് സ് ലിമിറ്റഡിന്റേയും എൻ. സി ഡി. യുടെയും സഹായം ലഭ്യമാക്കുന്നതാണ്.

6. കൈത്തറി സംഘങ്ങളുടെ പ്രവർത്തനത്തിന് ആവശ്യമായ മൂലധനം ''നബാർഡിൽ'' നിന്നും ബന്ധപ്പെട്ട ജില്ലാ സഹകരണബാങ്കുകൾ മുഖേന ലഭ്യമാക്കി വരുന്നു. ഇതിനുവേണ്ടി ഗവൺമെൻറ് ''ഗ്യാരണ്ടി'' നൽകുന്നു. കൂടാതെ 3 ശതമാനം പലിശകിഴിവും ഗവൺമെൻറ് ഗ്രാൻറായി നൽകുന്നുണ്ട്.

7. സഹകരണമേഖലയിൽ ഇപ്പോൾ 3 സ്പിന്നിംഗ് മില്ലുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമേ രണ്ട് സഹകരണ സ്പിന്നിംഗ് മില്ലുകൾ സ്ഥാപിക്കുവാൻ പരിപാടിയും ഉണ്ട്. കായംകുളത്തും തൃശ്ശൂരും ഇതിനുവേണ്ടിയുള്ള പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. കൂടാതെ കേരളാ ടെക്സ്റ്റയിൽ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ മലപ്പുറം ജില്ലയിൽ എടരിക്കോട് ഒരു സ്പിന്നിംഗ് മിൽ പ്രവർത്തനം തുടങ്ങാൻ തയ്യാറായിട്ടുണ്ട്. ഇതുമൂലം കൈത്തറി രംഗത്ത് ആവശ്യമായ നൂൽ സുലഭമായി ലഭ്യമാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly